"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ - കണ്ണൂർ - കണ്ണൂർ താലൂക്കിൽ അഞ്ചരകണ്ടി വില്ലേജിലെ ചക്കരക്കൽ ചാലോട് റോഡിൽ മുഴപ്പാലയിൽ 1.8412 ഹെക്ടർ (4.55 ഏക്കർ) ഭൂമി അഗ്നിരക്ഷാ സേവന വകുപ്പിന് Post Graduate Research Centre സ്ഥാപിക്കുന്നതിന് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും നിബന്ധനകൾക്ക് വിധേയമായും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, അഗ്നിരക്ഷാ സേവന വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**റവന്യൂ (എൽ ) വകുപ്പ്**

**G.O.(Ms)No.31/2023/RD** തീയതി,തിരുവനന്തപുരം, **15-02-2023**

പരാമർശം:-
1. 06.10.2021-ലെ സ. ഉ (കൈ) നം. 163/2021/ആഭ്യന്തരം നമ്പർ ഉത്തരവ്.
2. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 22.10.2021 ലെ FIRE HQ/8469/2021 F1 നമ്പർ കത്ത്.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 17/11/2022 ലെ DCKNR/7111/2022 L4 (1) നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17/12/2022 ലെ LR/14250/2022/LR (K2) നമ്പർ കത്ത്.

**ഉത്തരവ്**

കേരള അഗ്നിരക്ഷാ സേവന വകുപ്പിൽ കണ്ണൂർ ആസ്ഥാനമായി ഫയർ & സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജ്വേറ്റ് & റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ അഞ്ചരകണ്ടി വില്ലേജിലെ ചക്കരക്കൽ ചാലോട് റോഡിൽ മുഴപ്പാലയിൽ റീസർവേ നമ്പർ 99/3, 99/4 ൽപ്പെട്ട പോലീസ് വക ഭൂമിയിൽ നിന്നും 4.55 ഏക്കർ (1.8412 ഹെക്ടർ) സ്ഥലം ഫയർ & സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജ്വേറ്റ് & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് അഗ്നിരക്ഷാ സേവന വകുപ്പിന് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിരുന്നു.

3. കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സഹിതം പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

4. പ്രസ്തുത വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ അഞ്ചരകണ്ടി വില്ലേജിലെ ചക്കരക്കൽ ചാലോട് റോഡിൽ മുഴപ്പാലയിൽ റീസർവ്വേ നം 99/3 ൽ പ്പെട്ട 1.3406 ഹെക്ടർ, റീസർവ്വേ നം. 99/4 ൽ പ്പെട്ട 0.5006 ഹെക്ടർ എന്നിങ്ങനെയായി ആകെ 1.8412 ഹെക്ടർ (4.55 ഏക്കർ) ഭൂമി നിലവിൽ പോലീസ് വകപ്പിന്റെ അധീനതയിൽ ഉള്ളതും കോടതി വ്യവഹാരങ്ങളിൽപ്പെട്ട വാഹനങ്ങളുടെ യാർഡ് ആക്കി നിർത്തിയതുമായ പ്രസ്തുത ഭൂമിയിൽ പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടം നിലവിലുണ്ട്. കൂടാതെ റീസർവ്വേ നം. 99/3 ൽ പ്പെട്ട ഭൂമിയിൽ 8 കശുമാവുകളും 12 ഓളം കാട്ടുമരങ്ങളും റീസർവേ നമ്പർ 99/4 ൽപ്പെട്ട ഭൂമിയിൽ 2 കാട്ടുമരങ്ങളും ഉണ്ട്. ഭൂമി സംബന്ധിച്ച് തർക്കങ്ങൾ, കോടതി വ്യവഹാരങ്ങൾ, പാട്ടം എന്നിവ നിലവിലില്ല എന്നും പ്രസ്തുത സ്ഥലത്തിന് ആറൊന്നിനു 60,000/-രൂപയും ആയത് പ്രകാരം ഫയർ & സേഫ്റ്റി വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്ന 184.12 ആർ വസ്തുവിന് 1,10,47,200/- (ഒരു കോടി പത്ത് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി ഇരുനൂറ് രൂപ മാത്രം) രൂപയുമാണ് ന്യായ വില നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം അഗ്നിരക്ഷാ സേവന വകുപ്പിന് Post Graduate Research സെന്റർ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്നും ആയത് രണ്ട് സർക്കാർ സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കു വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൊണ്ട് അഗ്നിരക്ഷാ സേവന വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണ് എന്നും ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ അഞ്ചരകണ്ടി വില്ലേജിലെ ചക്കരക്കൽ ചാലോട് റോഡിൽ മുഴപ്പാലയിൽ റീസർവേ നമ്പർ 99/3 ൽ 1.3406 ഹെക്ടർ റീസർവേ നമ്പർ 99/4 ൽപ്പെട്ട 0.5006 ഹെക്ടർ ഉൾപ്പെടെ 1.8412 ഹെക്ടർ (4.55 ഏക്കർ) സ്ഥലം അഗ്നിരക്ഷാ സേവന വകുപ്പിന് ഫയർ & സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജ്വേറ്റ് & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും താഴെ കാണുന്ന നിബന്ധനകൾക്ക് വിധേയമായും പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, അഗ്നിരക്ഷാ സേവന വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ :

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;

III) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;

iv) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും അഗ്നിരക്ഷാ സേവന വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് .

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

vii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്നപക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

6. ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ കണ്ണൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MARY LALY C Y**

**ADDITIONAL SECRETARY**

ലാന്റ് റവന്യ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ; കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്എ&ഇ), തിരുവനന്തപുരം.
ആഭ്യന്തര വകുപ്പ് ( **2.02.2023ലെ ഇ1/146/2022/ആഭ്യന്തര(Part-1)ആഭ്യന്തരം** പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. **(L2/76/2022/REV).**

ഉത്തരവിൻ പ്രകാരം

Signed by
Rekha S
Date: 16-02-2023 14:40:47
സെക്ഷൻ ഓഫീസർ